# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളാവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എകെടിഎംപി5/936/2021 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തീയതി.10.08.2021

ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 10/08/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളാവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എഫ്കെടിഎംപി5/936/2021 തീയ്യതി: 10/08/2021
തീയതി.10.08.2021

## കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2019 മുതൽ 30-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.വി ലേഖ- ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഇന്ദുലേഖ എ- ഓഡിറ്റ് ഓഫീസർ(23.07.2021-30.07.2021)
ശ്രീമതി. സുനിത എം എസ്- അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽ കുമാർ ജി- സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഉണ്ണികൃഷ്ണൻ എം- ഓഡിറ്റർ (15.07.2021-16.07.2021

ശ്രീമതി.ജാസ്മിൻ എസ്- ഓഡിറ്റർ (20.07.2021-30.07.2021)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സരസ്വതിയമ്മ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.ശ്രീജിത്ത് റ്റി എസ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി നിമ്മി ജേക്കബ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 02-04-2020 |
| ശ്രീമതി സോഫിയ മാത്യൂ | സെക്രട്ടറി | 02-04-2020 | 10-06-2020 |
| ശ്രീ സിബി ജോസ് കെ | സെക്രട്ടറി | 10-06-2020 | 03-03-2021 |
| ശ്രീ മുഹസിൻ പി എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നിമ്മി ജേക്കബ് | അസി.സെക്രട്ടറി | 01-04-2020 | 19-06-2020 |
| ശ്രീ മുഹസിൻ പി എം | അസി.സെക്രട്ടറി | 22-06-2020 | 31-03-2021 |
| ഡോ അനീഷ് സി വർക്കി | എം.ഒ പി എച്ച് സി | 01-04-2020 | 18-08-2020 |
| ഡോ അരുൺ കൃഷ്ണ | എം.ഒ പി എച്ച് സി | 19-08-2020 | 31-03-2021 |
| രാജേശ്വരി ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| വിപിത വി പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| രെഞ്ചു എസ് ഫ്രാൻസിസ് | അസി . എൻജിനീയർ | 01-04-2020 | 31-03-2021 |
| ഡോ ചിത്ര റ്റി | എം ഒ ആയുർവേദം | 01-04-2020 | 09-03-2021 |
| ഡോ ശ്രീജിത്ത് എസ് | എം ഒ ആയുർവേദം | 09-03-2021 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ സുജ എം ചാക്കോ | വെറ്റിനറി സർജൻ | 01-04-2020 | 10-03-2021 |
| ഡോ പ്രേമ സ്റ്റെല്ല ഭായി | വെറ്റിനറി സർജൻ | 10-03-2021 | 31-03-2021 |
| പ്രതീഷ് കുമാർ പി | ഡി ഇ ഒ | 01-04-2020 | 31-03-2021 |
| അമൃത ആർ | വി ഇ ഒ | 01-04-2020 | 31-03-2021 |
| സജിത്ത് കെ ഇബ്രാഹിം | വി ഇ ഒ | 01-04-2020 | 31-03-2021 |
| ബ്ലസി ജോഷി | ഫിഷറീസ് എക്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

12.11.2020**മുതൽ** 20.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണം

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha V (Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sunil Kumar G (Senior Grade Auditor, On 28-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-07-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Lekha V (Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-08-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Sunil Kumar G (Senior Grade Auditor, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Lekha V (Audit Officer, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-5 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: Lekha V (Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-08-2021) | 1-6 |
| 7 | തൊഴിലുറപ്പു പദ്ധതി<br>Written By: Lekha V (Audit Officer, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Lekha V (Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-08-2021) | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Lekha V (Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-08-2021) | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Lekha V (Audit Officer, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-10 |
| 11 | വസ്തുനികുതി-സഞ്ചയ മൊഡ്യൂളിലെ റോഡ് മാസ്റ്റർ-ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ റോഡുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sunitha M S (Senior Grade Auditor, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-08-2021) | 1-11 |
| 12 | തൊഴിൽ നികുതിയും സ്ഥാപന നികുതിയും അടച്ചിട്ടില്ല.<br>Written By: Sunitha M S (Senior Grade Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-08-2021) | 1-12 |
| 13 | ലൈസൻസ് സംബന്ധമായ അപാകതകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-08-2021) | 1-13 |
| 14 | വാടക സംബന്ധിച്ച അപാകതകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-08-2021) | 1-14 |
| 15 | ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന്-.ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ തുക തിരികെ അടവാക്കി<br>Written By: Unnikrishnan M (Auditor, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-08-2021) | 1-15 |
| 16 | ഇ-ടെൻഡർ- ടെൻഡർ ഫോറവില പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല<br>Written By: A Indulekha (Audit Officer, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-16 |

| | | |
|---|---|---|
| 17 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Lekha V (Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-17 |
| 18 | നിക്ഷേപപ്രവൃത്തികൾക്ക് വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല<br>Written By: Lekha V (Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-18 |
| 19 | അഗതി രഹിത കേരളം<br>Written By: Lekha V (Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-19 |
| 20 | ഒ.ഡി.എഫ് കക്കൂസ് നിർമ്മാണം - മുൻകൂർ കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-20 |
| 21 | എ ബി സി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-21 |
| 22 | ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു<br>Written By: Sunil Kumar G (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-22 |
| 23 | വീട് വാസയോഗ്യമാക്കൽ- മുൻകൂർ കൈപ്പറ്റി - പണി പൂർത്തീകരിച്ചില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-23 |
| 24 | ലൈഫ് ഭവനപദ്ധതി -ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-24 |
| 25 | കുഴൽകിണർ നിർമ്മാണത്തിനായി ഭൂഗർഭ ജലവകുപ്പിൽ അധിക തുക അടവാക്കിയിരിക്കുന്നു<br>Written By: Lekha V (Audit Officer, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-25 |
| 26 | മാലിന്യ സംസ്കരണം -തുടർ പ്രവർത്തനങ്ങൾ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-26 |
| 27 | മേക്കാം പുറം ചക്കാലക്കുന്നു കുടിവെള്ള പദ്ധതി പ്രവർത്തി പൂർത്തിയാക്കിയില്ല- തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: A Indulekha (Audit Officer, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-27 |
| 28 | പുഴ, പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: A Indulekha (Audit Officer, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-28 |
| 29 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - വിലയിനത്തിൽ അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sunitha M S (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-29 |
| 30 | നിശ്ചിത സമയത്തിനുള്ളിൽ കരാറിൽ എർപ്പെടാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-30 |

| | | |
|---|---|---|
| | - ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് പിഴ ഈടാക്കി<br>Written By: Sunitha M S (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | |
| 31 | ആർജ്ജിതാവധി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ആധികാരികമാക്കാതെ ലീവ്സറണ്ടർ അനുവദിച്ചു<br>Written By: Sunitha M S (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-31 |
| 32 | കരാറുകാരന് അധികം നല്കിയ തുക തിരികെ ഈടാക്കിയത് സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.<br>Written By: Sunitha M S (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A Indulekha (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: A Indulekha (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sunil Kumar G (Senior Grade Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: A Indulekha (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: A Indulekha (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: A Indulekha (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 4-7 |
| 8 | ചാർജ്-സർചാർജ് നടപടികൾ വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: A Indulekha (Audit Officer, On 30-07-2021)<br>Last Updated By: A Indulekha (Audit Officer, On 30-07-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A Indulekha (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: A Indulekha (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 10-08-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

13.2.2020ലെ 1-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്ഥിരംസമിതി അംഗീകരിച്ച ബജറ്റ് ജനറൽ കമ്മറ്റി 26.02.2020 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 5578991 | 4717090 |
| വരവ് | 145360050 | 65359268 |
| ആകെ | 150939041 | 70076358 |
| ചെലവ് | 140745130 | 60510564 |
| നീക്കിയിപ്പ് | 10193911 | 9565794 |

ബജറ്റ് പരിശോധിച്ചതിൽ ശാസ്ത്രീയ അടിത്തറ ഇല്ലാതെ വരവ് ചെലവുകൾ പെരുപ്പിച്ച് കാണിച്ച് ആണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് കാണുന്നു. 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കത്തോടുകൂടി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 29.04.2021-ലെ 2/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2020-21 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 4717090/- രൂപയും തൻവർഷ വരവ് 65359268/- രൂപയും തൻവർഷചെലവ് 60510564/- രൂപയും വർഷാവസാന നീക്കിയിരിപ്പ് 9565794/-രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 132883553/- രൂപയും ആകെ ചെലവ് 129757916/- രൂപയും ആകുന്നു. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണത്തിലൂടെ 188954/- രൂപ കിഴിച്ച് തൻവർഷത്തെ പ്രവർത്തന മിച്ചം 3314591/- രൂപയായും കണക്കാക്കിയിട്ടുണ്ട്. 31.3.2021 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 46342860/- രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 40,784,456/- രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 5558404/-രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രികകൾ പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1)26-7-11-ലെ ജി.ഒ (എം.എസ്)152/11-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2)ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത്ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.
3)വസ്തുനികുതിയുടെ വാർഷികധനകാര്യപത്രികപ്രകാരമുള്ള ഡി.സി.ബി.തുകകൾ സഞ്ചയപ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4)2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല (ഷെഡ്യൂൾ-16).
6)2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോ പത്രിക വാർഷികകണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

7)ബി-18 ഷെഡ്യൂളിൽ 'Temporary Advance To Official Purpose' എന്ന ഹെഡിൽ 10000/- രൂപ മുൻവർഷം മുതൽ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

8)ബി-4 ഷെഡ്യൂളിൽ Grant, Fund – Other Government Agencies' എന്ന ഹെഡിൽ 1700774/- എന്ന തുകയ്ക്ക് പകരം 1710774/- എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

9)RP 7 ഷെഡ്യൂളിലെ തുകയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകയും തമ്മിൽ വികസനഫണ്ട് (ജനറൽ) തുകയിൽ 1212749/- രൂപയുടെയും വികസനഫണ്ട് (എസ്.സി.പി) തുകയിൽ 205098/- രൂപയുടേയും മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) തുകയിൽ 35319/- രൂപയുടേയും വ്യത്യാസം നിലനിൽക്കുന്നു.

10)B4 ഷെഡ്യൂൾ 'Grant Funds & Contribution For Specific Purposes- Other Central Govt. Grants -Solid Waste' എന്ന ഹെഡിൽ 822000/- രൂപ ബാദ്ധ്യത വർഷങ്ങളായി ക്രമീകരിക്കാൻ അവശേഷിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4717090 |
| വരവ് | 65359268 |
| ആകെ | 70076358 |
| ചെലവ് | 60510564 |
| നീക്കിയിരിപ്പ് | 9565794 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | ---- | 10744875 | 10744875 | 10744875 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | --- | 5797000 | 5797000 | 5595625 | 201375 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | -- | 250,000 | 250,000 | 127229 | 122771 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | --- | 12768000 | 12768000 | 12746459 | 21541 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | --- | 3492000 | 3492000 | 3492000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | --- | 10165055 | 10165055 | 7750375 | 2414680 |
| എം.ജി. എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 33882433 | 33882433 | 33882433 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4481 | 951262 | 955743 | 951994 | 3749 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| സമ്പൂർണ്ണ ശുചിത്വം | | 155375 | 0 | 155375 | 0 | 155375 |
| കോർപ്പസ് ഫണ്ട്(പട്ടിക വർഗ്ഗ വികസനം) | | 1000000 | 0 | 1000000 | 0 | 1000000 |
| ഐ സി ഡി എസ് | | 713182 | 527188 | 1240370 | 720000 | 520370 |
| ശുചിത്വമിഷൻ ഗ്രാന്റ് | | 281957 | 2091863 | 2373820 | 663046 | 1710774 |
| ലൈഫ് ഭവനപദ്ധതി | | 1188 | 759783 | 760971 | 600000 | 160971 |
| ബ്ലോക്ക് വിഹിതം | | 300,000 | 0 | 300000 | 300000 | 0 |
| ഗുണഭോക്തൃ വിഹിതം | | 330 | 19147 | 19477 | 15893 | 3584 |

- ജി ഒ പ്രൊജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ് സി.പി ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

- ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.
- മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) നാലാം വാർഷികപദ്ധതിയാണ്2020-21ലേത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക,സാമൂഹ്യനീതി, പരിസ്ഥിതി സുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്.

പദ്ധതി രൂപീകരണത്തിന്റെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന: സംഘടിപ്പിക്കുകയും 3.1.2020ൽ 14 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ്റിപ്പോർട്ട്) പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട് . തയാറാക്കിയ കരട് പ്രോജക്ടുകൾ 16.01.2020 മുതൽ 25.01.2020വരെ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭയോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 12.02.2020 ൽനടന്ന വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു.10.02.2020-ൽ ഊരുകൂട്ടങ്ങളും 13.01.2020 ൽ ഭിന്നശേഷി ഗ്രാസഭയും കൂടിയിട്ടുണ്ട്. കൂടാതെ പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ രണ്ടാം വാർഷികപദ്ധതി തയാറാക്കൽ മാർഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-3-17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പടുത്തിയിട്ടില്ല . പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.

2020-21 വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാര നം./തീയതി 80898/20DPC/DPO/KTM തീയതി20.01.2021

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള ചെലവുവിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 7 | 986000 | 559971 |
| വെറ്ററിനറി സർജൻ | 10 | 9 | 3543167 | 1765000 |
| എം.ഒ (പിഎച്ച്സി) | 7 | 7 | 1680996 | 1345985 |
| എം.ഒ (ആയുർവേദം)) | 1 | 1 | 450000 | 450000 |
| വി ഇ ഒ | 9 | 7 | 17511515 | 5394080 |
| വി ഇ ഒ 2 | 8 | 6 | 13862739 | 4015000 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 8 | 8 | 4198003 | 3500568 |
| സെക്രട്ടറി | 67 | 51 | 12171065 | 8777659 |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 108 | 78 | 27644696 | 17282189 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 0 | 184000 | - |
| | | | | |

| | | | | |
|---|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2748500 | 2748500 |
| ഹെഡ്മാസ്റ്റർ | 5 | 1 | 280000 | 99993 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 11 | 2631050 | 1900164 |
| ആകെ | | | 87891731 | 47839109 |

കാർഷികമേഖലയിലും മൃഗസംരക്ഷണമേഖലയിലും പതിവു പ്രോജക്ടുകൾക്കു മാത്രമാണ് തുക ചെലവഴിച്ചത്. ഉത്പാദനമേഖലയിൽ വികസന ഫണ്ടിന്റെ വകയിരുത്തൽ തുലോം കുറവായിരുന്നു. വിഭാവനം ചെയ്ത എട്ട് പ്രോജക്ടുകളിൽ ഒരെണ്ണം മാത്രമാണ് ഹെഡ്മാസ്റ്റർ നിർവ്വഹിച്ചത്. സെക്രട്ടറി ഉൾപ്പെടെയുള്ള മറ്റ് നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണം തൃപ്തികരമായിരുന്നു. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ 50% ഉം നിക്ഷേപപ്രവൃത്തികൾ ആയിരുന്നു.

തുടർച്ചയായ വർഷങ്ങളിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുകയും തുക വകയിരുത്തുകയും ചെയ്യുന്നുണ്ടെങ്കിലും ശാസ്ത്രീയമായ മാലിന്യസംസ്കരണത്തിന് സ്ഥിരം സംവിധാനമുണ്ടാക്കാൻ സാധിച്ചിട്ടില്ല. അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം മൂലം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിന് സാധിക്കുന്നില്ല. വിവിധ അങ്കണവാടികളുടെ മെയിന്റനൻസിനും, , കുടിവെള്ള പദ്ധതികൾ നവീകരിക്കുന്നതിനും പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നെങ്കിലും നടപ്പാക്കിയിട്ടുണ്ടെങ്കിലും പദ്ധതികൾ പൂർണ്ണമായും ലക്ഷ്യം കൈവരിച്ചില്ല.

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 78 പ്രവർത്തികളിൽ 90%പ്രവൃത്തികളും റോഡ് വികസനത്തിനായുള്ളതാണ്. പുതിയ പദ്ധതികളിൽ പത്ത് ശതമാനം പോലും ഓഡിറ്റ് വർഷം പൂർത്തീകരിച്ചിട്ടില്ല.സ്പിൽഓവർ പ്രോജക്ടുകളിൽ എട്ട് എണ്ണം ഇനിയും പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കിയതായി കാണുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

ആസൂത്രണ സമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന വികസനരേഖ ഗ്രാമ സഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്നത് ഗ്രാമ സഭയിലാണ്. ഗ്രാമ സഭ,വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നുള്ള പല നിർദ്ദേശങ്ങളും പദ്ധതികളിൽ പ്രതിഫലിച്ചിട്ടില്ല. പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല.

<u>മോണിട്ടറിംഗ് ഫലപ്രദമല്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-5 എ വിനിയോഗലക്ഷ്യം കൈവരിച്ചില്ല 2760376 ലക്ഷംരൂപ നഷ്ടപ്പെട്ടു

ഓഡിറ്റ് വർഷം സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ നഷ്ടമായ സർക്കാർ ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | ---- | 10744875 | 10744875 | 10744875 | 0 |
| വികസന ഫണ്ട്- | --- | 5797000 | 5797000 | 5595625 | 201375 |

| | | | | | |
|---|---|---|---|---|---|
| എസ്.സി.പി (ACR പ്രകാരം) | | | | | |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | -- | 250,000 | 250,000 | 127229 | 122771 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | --- | 12768000 | 12768000 | 12746459 | 21541 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | --- | 3492000 | 3492000 | 3492000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | --- | 10165055 | 10165055 | 7750375 | 2414680 |
| ആകെ | | | | | 2760367 |

പ്രവൃത്തികളുടെ ബാഹുല്യവും, പദ്ധതി നിർവ്വഹണ നടപടികളിലെ മെല്ലെപ്പോക്കും സർക്കാർ ഫണ്ട് നഷ്ടപ്പെടാൻ പ്രധാന കാരണമാണ്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതല ഉണ്ടായിരുന്ന മരാമത്ത് പ്രവൃത്തികളിൽ പകുതിയിൽ കൂടുതൽ പ്രോജക്ടുകളും നടപ്പിലായില്ല. ഫണ്ട് ലാപ്സാകുന്നതിൽ ഇത് പ്രധാന കാരണമായി ഭവിച്ചു. തൻവർഷത്തേയ്ക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള ആകെ പദ്ധതി തുകയ്ക്ക് ആനുപാതികമായി മാത്രം പദ്ധതികൾ തയ്യാറാക്കുകയോ (സ്പിൽ ഓവർ ഉൾപ്പെടെ), അതല്ലെങ്കിൽ സ്പിൽഓവർ പദ്ധതികളുടെ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് ലഭിക്കാൻ സാദ്ധ്യതയുള്ള അധിക വിഹിതത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമായിരുന്ന തുകയിൽ 2760367 ലക്ഷംരൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടിട്ടുണ്ട്. ഇതിൽ തിരികെ ലഭിക്കാൻ അർഹതയുള്ള തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് ഇപ്രകാരമുണ്ടാകുന്ന അപരിഹാര്യമായ നഷ്ടം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ

2020-21വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 101 | 6600 |
| കർഷകതൊഴിലാളി പെൻഷൻ | 1061 | 1556500 |
| വിധവാപെൻഷൻ | 602 | 9090200 |
| വാർദ്ധക്യകാല പെൻഷൻ | 1784 | 24500100 |
| വികലാംഗ പെൻഷൻ | 228 | 3330400 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 23 | 343900 |

## 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭകൾ ഗ്രാമപഞ്ചായത്തിലെ 13വാർഡുകളിലെ

തൊഴിലാളികളെ ഉൾപ്പെടുത്തി ക്ലട്ടകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020—21 ൽ സാങ്കേതിക അനുമതി ലഭിച്ച 213 പ്രോജക്റ്റുകളിൽ 213 എണ്ണവും തൻവർഷം പൂർത്തിയാക്കി. 2020-21വർഷം 87213തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1156 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, പടുതാക്കുളം നിർമ്മാണം, നേഴ്സറി നിർമ്മാണം, ഫലവൃക്ഷതൈകൾ വെച്ച്പിടിപ്പിക്കൽ, കയ്യാസ് നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് എന്നിങ്ങനെയുള്ള പ്രോജക്റ്റുകളാണ് തൻവർഷം നടപ്പാക്കിയത്. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-21 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 4481.18/- |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 333527458 | |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 683973 | |
| ആകെ | | | 34215912.18 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 32930439 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | --- | |
| | ഉപകരണങ്ങളുടെ വില, വാടക | 11937 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 917786.97 | |
| | 100 ദിവസം പൂർത്തിയാക്കിയവർക്കുള്ള തുക | 352000 | |
| നീക്കിയിരുപ്പ് | | | 3749.21 |
| ആകെ | | | 34215912.18 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2019 | 10/2019 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2016 | 2011-12 മുതൽ 2014-15 വരെ | LBQ(HQ)11/8A-2411/03 Dt.18.04.2016 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2021 3.30 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1980/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരിൽതന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണം സ്ഥാപനത്തിൽ നിലനിൽക്കുന്നു. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്(30.06.2021 വരെ)

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുമുള്ള നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും നടത്തി വരുന്നു.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)-പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

## 1-11 വസ്തുനികുതി-സഞ്ചയ മൊഡ്യൂളിലെ റോഡ് മാസ്റ്റർ- ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ റോഡുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6ൽ അടിസ്ഥാന വസ്തുനികുതിന്മേൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കും അടിസ്ഥാനമാക്കേണ്ട ഘടകങ്ങളിൽ കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് എന്നിവ പട്ടിക 2 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഈ പട്ടികയിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനമാർഗ്ഗമുള്ള കെട്ടിടത്തിന് 20% അടിസ്ഥാന വസ്തുനികുതി വർദ്ധനവും 1.5 മീറ്ററോ അതിൽ കുറവോ

വീതിയുള്ള വഴി സൗകര്യത്തിന് അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവും പൊതുവഴി സൗകര്യം ഇല്ലാത്തതിന് അടിസ്ഥാന വസ്തുനികുതിയിൽ 20% ഇളവും നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ സഞ്ചയ മൊഡ്യൂളിലെ റോഡ് മാസ്റ്ററിൽ പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ റോഡുകളുടെയും വിവരങ്ങൾ ചേർത്തതായി കാണുന്നില്ല. റോഡുകളുടെ വിവരം രേഖപ്പെടുത്താതെ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള ഇളവ്/വർദ്ധനവ് നൽകുന്നത് ക്രമപ്രകാരമല്ല. സഞ്ചയ മൊഡ്യൂളിലുള്ള റോഡ് മാസ്റ്ററിൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതിയും സ്ഥാപന നികുതിയും അടച്ചിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | സ്ഥാപന നികുതി | തൊഴിൽ നികുതി |
|---|---|---|
| സർവീസ് കോപറേറ്റീവ് ബാങ്ക്-4300 കടയിനിക്കാട് | 1&2 അർദ്ധവർഷം | 1&2 അർദ്ധവർഷം |
| എ.പി.ജെ.അബ്ദുൾകലാം സ്കൂൾ ഓഫ് പാരാമെഡിക്കൽസ്,മണിമല | 1&2അർദ്ധവർഷം | 2അർദ്ധവർഷം |
| ഡ്രൈവർ,വെള്ളാവൂർ പഞ്ചായത്ത് | . | 2 അർദ്ധവർഷം |
| കോൺട്രാക്റ്റേഴ്സ്,എൽ.എസ്.ജിഡി.സെക്ഷൻ | . | 1&2അർദ്ധവർഷം |
| ചങ്ങനാശ്ശേരി കോപറേറ്റീവ് അഗ്രികൾചറൽ& റൂറൽ ഡെവലപ്മെന്റ് ബാങ്ക് | 2അർദ്ധവർഷം | 2അർദ്ധവർഷം |
| വെറ്റിനറി സബ്സെന്റർ,കടയിനിക്കാട് | | 1&2അർദ്ധവർഷം |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാനുള്ള തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് സംബന്ധമായ അപാകതകൾ

(I)ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിലുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനു പകരം ലൈസൻസ് എടുത്ത സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തിയ ഒരു ലിസ്റ്റ് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് എന്ന പേരിൽ സൂക്ഷിച്ചിട്ടുള്ളത്. ആധികാരികമായ ഒരു ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പല സ്ഥാപനങ്ങളും ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഉദാഹരണമായി 2018-19 ൽ 267 സ്ഥാപനങ്ങളും 2019-20 ൽ 249 സ്ഥാപനങ്ങളും ലൈസൻസ് എടുത്തുവെങ്കിലും 2020-21 ൽ 196 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തത്. ഓരോ വർഷവും ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ് വരുന്നതിനാൽ പഞ്ചായത്തിന്റെ തനത് വരുമാനത്തിലും ഗണ്യമായ കുറവുണ്ടാകുന്നു. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5തീ.22.7.2021) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

(Ii)കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നു

31.10.2017 ലെ ലൈസൻസ് ചട്ട ഭേദഗതികൾ പ്രകാരം സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ സ്ലാബുകളായി തിരിച്ച് യഥാക്രമം 500, 1000, 5000, 10000, 15000 എന്നീ ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2020-21 ൽ ലൈസൻസ് എടുത്ത 196 സ്ഥാപനങ്ങളിൽ 178 സ്ഥാപനങ്ങളുടേയും ലൈസൻസ് ഫീസ് വളരെ കുറഞ്ഞ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. (ഉദാ. 50, 100, 200). മുൻവർഷങ്ങളിൽ ഈടാക്കിയിരുന്ന അതേ നിരക്കിൽ വളരെക്കുറഞ്ഞ ഫീസ് മാത്രമാണ് ഭൂരിപക്ഷം സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയത്. ലൈസൻസ് അപേക്ഷകളിലും അന്വേഷണ റിപ്പോർട്ടിലും

സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ശരിയായി രേഖപ്പെടുത്താത്തതിനാൽ മൂലധന നിക്ഷേപം കൂടുതലായ പല സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കുന്നതിൽ കുറവുണ്ടാകുന്നു. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5തീ.22.7.2021) ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ ഉണ്ടായ കുറവ് ഭാവിയിൽ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതമായ പരമാവധി ഫീസ് ഈടാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(Iii)ലൈസൻസ് ഫീസ് ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് വർഷം ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

| ക്രമ നം. | കെട്ടിട നമ്പർ | ഉപയോഗം |
|---|---|---|
| 1. | III/306 D | പെട്രോൾ പമ്പ് |
| 2. | V/2 | ബിവറേജസ് ഔട്ട് ലെറ്റ് |

ലൈസൻസ് ഫീസ് ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5തീ.22.7.2021) III/306D കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പിന് ലൈസൻസ് അനുവദിക്കാതിരുന്നത് ആവശ്യമായ രേഖകൾ ഹാജരാക്കാതിരുന്നതിനാലാണെന്ന് മറുപടി ലഭിച്ചു. ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം പഞ്ചായത്തിന് വരുമാനം നഷ്ടപ്പെടുന്ന ഇത്തരം സാഹചര്യം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-14 വാടക സംബന്ധിച്ച അപാകതകൾ

1.വാടക കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല

മൂങ്ങാനി ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ 5 2016-17, 2017-18 വർഷങ്ങളിലെ വാടക കുടിശ്ശികയിൽ(34020/-) 6326/- രൂപ മാത്രമാണ് റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയത്. 27694/- രൂപ ഈയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. തൻ വർഷം ടി കടമുറി ലേലത്തിൽ പോകാത്തതിനെ തുടർന്ന് നാളിതുവരെ വാടകയ്ക്ക് നൽകിയിട്ടില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5 തീ.20.7.2021) കുടിശ്ശിക പലിശ സഹിതം ഗഡുക്കളായി ഈടാക്കി വരുന്നതായി അറിയിച്ചു. ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ അടിയന്തിരമായി വാടകയ്ക്ക് നൽകാൻ നടപടി സ്വീകരിക്കേണ്ടതും കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2.മാവേലി സ്റ്റോറിൽ നിന്നും വാടക ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

മൂങ്ങാനി ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ 3, വെള്ളാവൂർ ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ 2 എന്നീ മുറികളിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിൽ നിന്നും നാളിതുവരെ വാടക ഈടാക്കിയിട്ടില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5 തീ.20.7.2021) ടി മുറികളുടെ വാടക നിശ്ചയിച്ച് നൽകാൻ 16.07.2018 ലെ 6(1)-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം എൽ.എസ്.ജി.ഡി വിഭാഗം അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നെങ്കിലും നാളിതുവരെ വാടക നിർണ്ണയിച്ച് ഈടാക്കിയിട്ടില്ലായെന്ന് മറുപടി ലഭിച്ചു. അടിയന്തിരമായി വാടക നിർണ്ണയം നടത്തി ഡിമാന്റിൽ ഉൾപ്പെടുത്തി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3.ബസ് സ്റ്റാന്റ് - ലേലം ചെയ്തില്ല, വരുമാനം നഷ്ടമായി

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മണിമല ബസ് സ്റ്റാന്റ് 2019-20, 2020-21 വർഷങ്ങളിൽ ലേലം ചെയ്തില്ല. ഈയിനത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശികയായ 8500/-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. തനത് വരുമാനം വളരെക്കുറവായ ഗ്രാമപഞ്ചായത്തിന് ഇത്തരത്തിൽ വരുമാനം നഷ്ടപ്പെടുന്നത് അംഗീകരിക്കാവുന്നതല്ല. കുടിശ്ശിക പിരിച്ചെടുക്കേണ്ടതും ലേല നടപടികൾ സ്വീകരിക്കാത്തതിനാൽ തനത് വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-15 ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന്-.ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ തുക തിരികെ അടവാക്കി

കിച്ചൺബിൻ യൂണിറ്റുകൾ വിതരണം ചെയ്യൽ എന്ന പ്രോജക്റ്റിനു വേണ്ടി വി.ഇ. ഒ. ക്കു നൽകിയ മാനുവൽ രസീത് ബുക്ക് നം 59353 രസീത് നം.53മുതൽ 70 വരെ 41 രൂപ വീതം 18 ഗുണഭോക്താക്കളിൽ നിന്നും 738/-രൂപ

പിരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ അടവാക്കിയതായി കാണുന്നില്ല.29.3.2021 വരെ സ്വീകരിച്ച തുക പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.രസീതുകളിൽ തീയതി രേഖപ്പെടുത്തുന്നില്ല. പണം സ്വീകരിച്ചതിന് ഗുണഭോക്താക്കൾക്ക് രസീത് നല്കുന്നില്ല. മേൽപ്പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് എൻക്വയറി (നം.4,തീയതി22.0 7.21)നൽകിയിരുന്നു. എൻക്വയറിയുടെ അടിസ്ഥാനത്തിൽ 23.07.2021ൽ രസിതു നം.171030100441 പ്രകാരം തുക പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.രസീത് പ്രകാരം പിരിച്ചെടുക്കുന്ന തുകകൾ അടുത്ത ദിവസം തന്നെ പഞ്ചായത്തിൽ അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ഇ-ടെൻഡർ- ടെൻഡർ ഫോറവില പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല

ഗ്രാമഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ്ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്.2020-21വർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നതുംഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് നം പേര് | ലഭിച്ച ടെൻഡറുകൾ | ടെൻഡർ ഫീസ് | ആകെ ടെൻഡർ ഫീസ് |
|---|---|---|---|---|
| 1 | പുത്തൻപറമ്പ് -പൂണിക്കാവു റോഡ് കോൺക്രീറ്റിംഗ് | 2 | 1696 | 3392 |
| 2 | കോത്തലപ്പടി കോണേക്കടവ് റോഡ് ഐറിഷ് ഡ്രൈൻ നിർമ്മാണം | 2 | 1250 | 2500 |
| 3 | വട്ടക്കടവ് കുമ്പിളം തടം റോഡ് കോൺക്രീറ്റിംഗ് | 2 | 2500 | 5000 |
| 4 | പൊട്ടുകുളം -തെൻമകൾപ്പടി റോഡ് | 2 | 2500 | 5000 |
| 5 | മണിമല-കുളത്തുങ്കൽ പറക്കാട് റോഡ് | 2 | 2500 | 5000 |

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധ ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു ക അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിനാൽ 2020-21വർഷം ഇ-ടെൻഡർഫീ ഇനത എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള തുക ടി അക്കൗണ്ടിൽനിന്നും തിരികെ പഞ്ചായത്ത അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേ ജി.എസ്.റ്റി. ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കേണ്ടതുമാണ്.

## 1-17 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. പ്രസതുത ചട്ടങ്ങൾ ചട്ടം(3) പ്രകാരം പേമാരി, വെള്ള പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. 2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റികൈക്കൊള്ളേണ്ടതാണ്.

## 1-18 നിക്ഷേപപ്രവൃത്തികൾക്ക് വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ

## വിനിയോഗവിവരം ലഭ്യമായിട്ടില്ല

2020-21വർഷം വിവധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച 3525608 /-രൂപയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്,നം. | നിക്ഷേപിച്ച തുക | നിർവ്വഹണഏജൻസി | ബിൽ നം / വൗച്ചർ നം.,തീയതി |
|---|---|---|---|---|
| 1 | കങ്ങഴ നെടുംകുന്നം കുടിവെള്ള പദ്ധതി പള്ളിത്തടം ഭാഗം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽS0026/21 | 250,000 | കേരള വാട്ടർ അതോറിറ്റി,പബ്ളിക്ക് ഹെൽത്ത് ഡിവിഷൻ തിരുവല്ല | 28/021തീ24.09.20 |
| 2 | പൊട്ടുകുളം മുടിമല റോഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 200000 | വാട്ടർ അതോറിറ്റി | 26/21 തീ24.9.20 |
| 3 | പള്ളത്തുപ്പാറ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽS0039/21 | 450,000 | വാട്ടർ അതോറിറ്റി | 25/21 തീ24.9.20 |
| 4 | പള്ളത്തുപ്പാറ കുടിവെള്ള പദ്ധതി പത്താം വാർഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ S0043//21 | 100,000 | വാട്ടർ അതോറിറ്റി | 27/21തീ.24.09.20 |
| 5 | പേക്കുഴിപ്പടി ഇലവുങ്കൽ കുഴൽ കിണർ നിർമ്മാണംS0030/21 | 70,000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 19/21 തീ 21.8.20 |
| 6 | ഏഴാം വാർ ഡ് മൂങ്ങാനി കുഴൽ കിണർ നിർമ്മാണംS0023/21 | 39865 | “ | 22/21 തീ 21.8.20 |
| 7 | ഏഴാം മൈൽ പേക്കുഴിപ്പടി കുഴൽ കിണർ നിർമ്മാണം S0031/21 | 70,000 | “ | 21/ 21തീ 21.8.20 |
| 8 | പൂണിക്കാവ് 78-ാം നമ്പർ അങ്കണവാടിയിൽ കുഴൽ കിണർ നിർമ്മാണംS0041/21 | 44625 | “ | 20/21തീ 21.8.20 |
| 9 | തെങ്ങുംപള്ളി ഭാഗത്ത് കുഴൽ കിണർ നിർമ്മാണം-ഹാൻഡ് പമ്പ് സ്ഥാപിക്കൽS0265/21 | 80,000 | “ | 59/21തീ 25.3.21 |
| 10 | പഞ്ചായത്തിലെ വിവിധ കുഴൽ കിണറുകളുടെ പുനരുദ്ധാരണംS269/21 | 160,000 | “ | 61/21തീ30.3.21 |
| 11 | വെള്ളാവൂർ ഗ്രാമപഞ്ചായത്ത് 10-ാം | 240,000 | “ | 60/21 തീ29.3.21 |

| | | | | |
|---|---|---|---|---|
| | വാർഡിൽ വിവിധ പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മാണം ഹാൻഡ് പമ്പ് സ്ഥാപിക്കൽS0268/21 | | | |
| 12 | രണ്ടുമാക്കൽപടികുഴൽ കിണർ നിർമ്മാണം ഹാൻഡ് പമ്പ് സ്ഥാപിക്കൽ S0263/21 | 85000 | " | 58/21 തീ25.3.21 |
| 13 | വെള്ളച്ചിറ വയൽ കുഴൽ കിണർ നിർമ്മാണം ഹാൻഡ് പമ്പ് സ്ഥാപിക്കൽS0264/21 | 85000 | " | 57/21തീ25.3.21 |
| 14 | വെള്ളാവൂർ ഗ്രാമപഞ്ചായത്ത് പന്ത്രണ്ടാം വാർഡ് വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ S0047/21 | 200,000 | കെ.എസ്.ഇ.ബി | 42/21 തീ23.1.21 |
| 15 | മേലോട്ട കൊച്ചികോയിപ്പറം റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽS0048/21 | 50,000 | " | 41/21തീ 28.1.21 |
| 16 | കുളത്തുർ മൂഴി വേണാട്ടുപടി റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽS0049/21 | 50,000 | " | 43/21 തീ28.1.21 |
| 17 | ഒന്നാം വാർഡ് കാടം കുളം വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽS0027/21 | 200,000 | " | 39/21 തീ 28.1.21 |
| 18 | മണിമല ബസ് സ്റ്റാന്റ് പഴയപാലം റോഡ് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ S00036/21 | 74912 | " | 68/21തീ 30.3.21 |
| 19 | രണ്ടാം വാർഡ് പൊട്ടകുളം -വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽS0029/21 | 199,920 | " | 65/21തീ30.3.21 |
| 20 | പത്താം വാർഡ് ഏറത്തുവടകര വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽS0044/21 | 299,987 | " | 66/21 തീ 30.3.21 |
| 21 | തിരുവല്ലാല്ലുങ്കൽ പടി | 125902 | " | 62/21തീ 30.3.21 |

| | | | | |
|---|---|---|---|---|
| | എസ്.എൻയു.പി.എസ് റോഡിൽ സ്ലീറ്റ് ലൈൻ സ്ഥാപിക്കൽS0046/21 | | | |
| 22 | വാർഡ് ഏഴ് കുന്നംഭാഗം പാറക്കടവ് തെക്കേമുറിപ്പടി റോഡിൽ സ്ലീറ്റ് മെയിൻ സ്ഥാപിക്കൽ S0038/21 | 99936 | " | 64/21 തീ നം.30.3.21 |
| 23 | അഞ്ചാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ സ്ലീറ്റ് ലൈൻ സ്ഥാപിക്കൽ S0033/21 | 199,981 | " | 63/21തീ30.3.21 |
| 24 | നാലാം വാർഡ് പാറയ്ക്കാട് വിവിധ സ്ഥലങ്ങളിൽ സ്ലീറ്റ് മെയിൻ സ്ഥാപിക്കൽS0032/21 | 149,940 | " | 67/21തീ30.3.20 |
| | ആകെ | 3525608 | | |

വിനിയോഗവിവരം ലഭ്യമാകുന്നതുവരെ 3525608/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 അഗതി രഹിത കേരളം

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാംലബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ 'അഗതി രഹിതകേരളം' പദ്ധതി കുടുംംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിയ്ക്ക് മുമ്പ് അനുവദിച്ചിട്ടുള്ള തുകകളിൽ ബാക്കി വരുന്ന തുകകളിൽ അഗതിരഹിത കേരളം പദ്ധതിയ്ക്ക് വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആശ്രയ ബാങ്ക് അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക 2309765/-രൂപ കേരള ഗ്രാമീൺ ബാങ്ക് വെള്ളാവൂർ ശാഖയിലേയ്ക്ക് (A/C No. 40580101034989)മാറ്റിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 127അഗതി കുടുംബങ്ങളെ സർവ്വേ പ്രകാരം കണ്ടെത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ അഗതിരഹിത കേരളം എന്ന പദ്ധതിയുടെ ചലഞ്ച് ഫണ്ട് 3937398/-രൂപയും, ആകെ അടങ്കൽ 10237398/- രൂപയുമായി സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. അഗതി രഹിതകേരളം പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം കണ്ടെത്തപ്പെട്ട അഗതിരഹിത കുടുംബങ്ങൾക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ പ്രോജക്ടുകൾ പ്രകാരം ഓരോ കുടുംബങ്ങൾക്കും പരിചരണ സേവനങ്ങളുടെ പാക്കേജ് നിർബന്ധമായും നടപ്പാക്കണമെന്ന സർക്കാർ ഉത്തരവ് ഉണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ അഗതികുടുംബങ്ങൾക്ക് ഭക്ഷണ സാധനങ്ങളുടെ കിറ്റ് വിതരണം എന്ന പരിമിതമായ ആവശ്യത്തിന് മാത്രമാണ് ഫണ്ട് ഉപയോഗിക്കുന്നത്. ആയതിന് പ്രതിമാസം 87100/- രൂപയോളം ചെലവഴിക്കുന്നുണ്ട്. 31.03.2021ൽ ടി അക്കൗണ്ടിലെ ബാലൻസ് 1838245.25/-രൂപയും,07.6.21 ൽ ബാലൻസ് 1586366/-രൂപയുമാണ്. ചലഞ്ച് ഫണ്ട് ആദ്യ ഗഡു തുകയായ 159783/- രൂപ 26.5.21 ൽ ലഭിച്ചിട്ടുണ്ട്.ആദ്യ ഗഡു തുകയിൽ 80% തുക ചെലവഴിച്ചതിന് ശേഷം രണ്ടാം ഗഡുവിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.ആയതിനാൽ ചലഞ്ച് ഫണ്ട് എത്രയും വേഗം നേടിയെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.അഗതി കുടുംബങ്ങൾക്ക് നൽകേണ്ട പരിചരണ സേവനങ്ങളുടെ പ്രോജക്ട് തയ്യാറാക്കി "അഗതി രഹിതകേരളം" എന്ന പദ്ധതിയുടെ പൂർണ്ണ ലക്ഷ്യം കൈവരിയ്ക്കാൻ കഴിയുന്ന വിധം പരിചരണ സേവനങ്ങളുടെ പാക്കേജ് പൂർണ്ണമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 ഒ.ഡി.എഫ് കക്കൂസ് നിർമ്മാണം - മുൻകൂർ കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയില്ല

പ്രോജ. നം.271/21

നിർവഹണം - വി.ഇ.ഒ

ചെലവ് - 25400/-

2020-21 വർഷം കക്കൂസ് നിർമ്മാണത്തിനായി 3 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതിൽ താഴെപ്പറയുന്ന 2 ഗുണഭോക്താക്കൾ മുൻകൂർ കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയില്ല

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ബിൽ നം. |
|---|---|---|---|
| 1. | സന്ധ്യ സുരേന്ദ്രൻ, ലക്ഷംവീട് | 5000 | 777590/16.3.2021 |
| 2. | ശാന്തമ്മ രാജൻ, തൊട്ടിപ്പുറത്ത് | 5000 | 777590/16.3.2021 |

മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ കക്കൂസ് നിർമ്മാണം ഉടൻ പൂർത്തിയാക്കുമെന്ന് നിർവഹണ ഉദ്യോഗസ്ഥയായ വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 എ ബി സി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

2020-21 വർഷം പഞ്ചായത്ത് പരിധിയിൽ എ ബി സി പ്രോഗ്രാം നടപ്പാക്കുന്നതിന് ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ (പ്രോജക്ട് നം.66/2021) എന്ന പ്രോജക്ടിന്റെ ഭാഗമായി വികസനഫണ്ട് 200000/- രൂപ (ബിൽ നം.8/06.02.2021 ) വകയിരുത്തി ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ടി തുക ജില്ലാ പഞ്ചായത്തിന്റെ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് ഓഡിറ്റ് വേളയിൽ ആവശ്യപ്പെട്ടുവെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥയായ വെറ്റിനറി സർജൻ അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-22 ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച താഴെപ്പറയുന്ന ഗ്രാന്റുകൾ വർഷാന്ത്യം അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം. | ഗ്രാന്റിനങ്ങൾ | അക്കൗണ്ടിൽ അവശേഷിച്ച തുക |
|---|---|---|
| 1. | Centrally Sponsored Scheme (ICDS) | 520370/- |
| 2. | Other Central Govt. Grant (Solid Waste) | 822000/- |
| 3. | Other Central Govt. Grant (ICDS Nameboard) | 51000/- |
| 4. | Development Of Sceduled Tribe (Corpus Fund) – | 1000000/- |
| 5. | Grant From Suchithwa Mission – | 1710774/- |
| 6. | Fund For Total Sanitation | 155375/- |
| 7. | Grant For Specific Purpose – Other Govt. Agencies | 160971/- |

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/29.7.2021)

അക്കൗണ്ടിൽ അവശേഷിച്ച തുകകൾ ക്രമീകരിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്യുമെന്ന് മറുപടി ലഭിച്ചു. ചെലവഴിക്കാനാകാത്ത പക്ഷം തുക സർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-23 വീട് വാസയോഗ്യമാക്കൽ- മുൻകൂർ കൈപ്പറ്റി - പണി പൂർത്തീകരിച്ചില്ല

പ്രൊ.നം 68/21

ചെലവ് - 1020000/-(വികസന ഫണ്ട് - എസ്.സി.പി)

നിർവഹണം:- വി.ഇ.ഒ

പ്രസ്തുത പ്രൊജക്ട് പ്രകാരം മുൻകൂർ അനുവദിച്ചിരുന്ന താഴെ പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിരുന്നുവെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല.

1.ശ്രീമതി. തങ്കമ്മവി.എൻ, വില്യാനി വട്ടക്കാവ് :- കൈപ്പറ്റിയ തുക- 40000

2.ശ്രീ.രാമചന്ദ്രൻ, പാറക്കുഴി :- കൈപ്പറ്റിയ തുക- 40000

3.ശ്രീമതി.ബിന്ദുഷാജി, വില്യാനി ഏറത്തു വടകര :- കൈപ്പറ്റിയ തുക- 40000

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിച്ചിരുന്നുവെങ്കിലും 31-3-21ന് മുൻപായി പൂർത്തീകരിക്കുവാൻ സാധിച്ചില്ലായെന്നും ഉടൻ തന്നെ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 ലൈഫ് ഭവനപദ്ധതി -ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

പ്രോജ. നം.71/2021

ചെലവ് -2120000/-

(എസ്.സി.പി-1160000, സംസ്ഥാന വിഹിതം-100000, ബ്ലോക്ക്-660000, ജില്ലാപഞ്ചായത്ത്- 200000)

നിർവഹണം:- വി.ഇ.ഒ

ലൈഫ് ഭവനപദ്ധതി(എസ്.സി.പി) പ്രകാരം മുൻകൂർ അനുവദിച്ചിരുന്ന താഴെ പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിരുന്നുവെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക |
|---|---|---|
| 1. | സുമേഷ്, കിഴക്കേപ്പാറ | 300000/- |
| 2. | പ്രിയ വാസുദേവൻ, കല്ലുങ്കൽ | 350000/- |
| 3. | വത്സമ്മ ബാലൻ, ഊരിയേൽ മേപ്പുറത്ത് | 350000/- |
| 4. | രമണി, പ്ലാവോലിൽ | 300000/- |
| 5. | സുനിത കുഞ്ഞുമോൻ, ഇടത്തറ | 40000/- |
| 6. | സുനിത സജി , വട്ടോടിപ്പറമ്പ് | 300000/- |
| 7. | ബാബു.കെ.എസ് , കൊച്ചുപറമ്പിൽ | 40000/- |
| 8. | സുജിരാജ്, കൈതമറ്റം | 40000/- |

ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം സ്പിൽഓവർ പ്രോജക്ടിൽ ഉൾപ്പെടുത്തി അടുത്ത വർഷം പൂർത്തിയാക്കുമെന്ന് നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-25 കുഴൽകിണർ നിർമ്മാണത്തിനായി ഭൂഗർഭ ജലവകുപ്പിൽ അധിക തുക അടവാക്കിയിരിക്കുന്നു

പ്രോജക്റ്റ് നം.SO268/21

ബിൽ നം.60/21 തുക -240,000 തീ29.3.21

അടങ്കൽ -240,000(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി കുഴൽ കിണർ നിർമ്മാണത്തിനായി നടപ്പിലാക്കിയതാണ് പ്രസ്തുത പ്രോജക്റ്റ്.

ഭൂഗർഭ ജലവകുപ്പ് നൽകിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം 10- വാർഡിൽ വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണത്തിനായി 240,000/- രൂപ നിക്ഷേപിച്ചിട്ടുണ്ട്.പ്രസ്തുത വകുപ്പ് നൽകിയിട്ടുള്ള എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വെട്ടിയോളി ഭാഗം വാർഡ് 10 -77060

ഒ.എൽ.എച്ച്.കോളനി മുകൾ ഭാഗം -44160

കല്ലുങ്കൽ കോളനി മുകൾ ഭാഗം -49800

ആകെ - 171020

ജി.എസ്.റ്റി -14508

അനാമത്ത് ചെലവ്-2412

ആകെ - 187940/-

ആകെ എസ്റ്റിമേറ്റ് തുക രേഖപ്പെടുത്തിയിരിക്കുന്നത് 240,000/- രൂപ എന്നായിരുന്നതിനാൽ പഞ്ചായത്ത് നിക്ഷേപിച്ചത് 187940 ന്റെ പകരം 240,000 രൂപയാണ്. ആയതിനാൽ 52060/-രൂപ കൂടുതലായി ഭൂഗർഭ ജലവകുപ്പിൽ അധികമായി നിക്ഷേപിച്ചിട്ടുണ്ട്.കൂടുതലായി 52060/-രൂപ നിക്ഷേപിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ടി തുക തിരികെ ഈടാക്കുകയോ അല്ലാത്ത പക്ഷം വരും വർഷങ്ങളിൽ കുഴൽ കിണർ നിർമ്മാണത്തിനായി വകയിരുത്തുകയോ ചെയ്യുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുകയുടെ ക്രമീകരണ വിവരം അറിയിക്കേണ്ടതാണ്.

## 1-26 മാലിന്യ സംസ്കരണം -തുടർ പ്രവർത്തനങ്ങൾ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്തിലെ 13വാർഡുകളിലും ഹരിത കർമ്മസേന രൂപീകരിക്കുകയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്ന് ശേഖരിച്ച് പഞ്ചായത്തിൽ സ്ഥാപിച്ച മെറ്റീരിയൽ കളക്ഷൻ സെന്ററിൽ (MCF) എത്തിക്കുകയും പ്രസ്തുത ആവശ്യത്തിലേക്കായുള്ള ഓണറേറിയം നൽകുകയും ചെയ്തിട്ടുണ്ട്.എം.സി.എഫിൽ അജൈവമാലിന്യങ്ങൾ കുന്നുകൂടിക്കിടക്കുന്നതായി സ്ഥല പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നം. 10394-ഡി-2017/കെ.എസ്.എച്ച്.ഒ തീയതി 23.4.2018 പ്രകാരം തരംതിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സി.എഫിൽ നിന്ന് ആർ.ആർ.എഫിലേക്ക് എത്തിക്കുന്നതിന് ക്ലീൻ കേരളകമ്പനിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 6.1 പ്രകാരം ഹരിതകർമ്മസേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുക, സേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ട നിയമപരമായ ഇടപെടലുകൾ നടത്തുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളാണ്. കൂടാതെ സ.ഉ (സാധാ) നം.2420/2017/തസ്വഭവ തീയതി 15.7.17 ഖണ്ഡിക 3(17) പ്രകാരം ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സാധ്യമായിടങ്ങളിൽ ക്ലീൻ കേരള കമ്പനിയുമായി (ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റ് സ്ഥാപനങ്ങളുമായും) കരാറിൽ ഏർപ്പെടേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ക്ലീൻ കേരള കമ്പനിയുമായി കരാർ ചമച്ച് ഓഡിറ്റ് വർഷം രണ്ടു തവണ അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി തുക നൽകിയിട്ടുണ്ട്. മാലിന്യസംസ്കരണത്തിന് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ ആവിഷ്കരിക്കുകയോ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ സൃഷ്ടിക്കപ്പെടുന്ന ജൈവ മാലിന്യത്തിന്റെ സ്വഭാവം, അളവ് എന്നിവയെ സംബന്ധിച്ച യാതൊരു രേഖകളും തയ്യാറാക്കിയതായി കാണുന്നില്ല. .അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങൾ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിക്കേണ്ടതാണ്.

എം.സി.എഫിൽ ശേഖരിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിനുവേണ്ട നടപടികൾബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇതിനായി ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കേണ്ടതാണ്.

## 1-27 മേക്കാം പുറം ചക്കാലക്കുന്നു കുടിവെള്ള പദ്ധതി പ്രവർത്തി പൂർത്തിയാക്കിയില്ല- തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | മേക്കാം പുറം - ചക്കാലക്കുന്നുകുടിവെള്ള പദ്ധതി - 158/21 |
| അടങ്കൽ | 400000- രൂപ |
| ചെലവ് | 385019/- രൂപ |
| ബിൽ നം. | 84/2020-21 /26.02.2021 |
| കോൺട്രാക്ടർ | ശ്രീ. അനിൽ കുമാർ വി ജി |
| കരാർ | 45/എ. ഇ/Lsgd/VLVR/2020-21 തീയതി 25.09.2020 |
| എം. ബുക്ക് | 25/2020-21 |

മേക്കാംപുറം - ചക്കാലക്കുന്നുകുടിവെള്ള പദ്ധതി 2019-20-ൽ 67/19-20നമ്പർ പ്രോജക്ടായി ആരംഭിയ്ക്കുകയും നിലവിലുണ്ടായിരുന്ന കിണർ 2020-21-ൽ 246/2020-21 പ്രോജക്ടായി 89874/- ചെലവഴിച്ച് കിണറിന്റെ ഏറ്റവും ഉൾവശത്ത് ആഴം കൂട്ടുന്നതിനായി സൈഡ് ചെരിച്ച് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. 2020-21-ൽ 400000- രൂപ വകയിരുത്തി (പ്രൊജക്ട് നമ്പർ 158/21) പൂർത്തിയാക്കാന് തീരുമാനിച്ചെങ്കിലും ടി വർഷവും പൂർത്തിയാക്കിയിട്ടില്ല. എം. ബുക്ക് പ്രകാരം 25.02.2021വരെയാണ് പ്രവർത്തികൾ നടത്തിയിട്ടുള്ളത്. പ്രവർത്തിമൂല്യം385019/- രൂപയാണ്. പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം പമ്പ് ഹൗസ് , വാട്ടർടാങ്ക് പമ്പിംഗ് മെയിൻ (HDPE) എന്നിവ ഉൾപ്പെടുത്തിയാണ് പ്രവൃത്തി പൂർത്തീകരിയ്ക്കാൻ ഉദ്ധേശിച്ചിരുന്നത്. എന്നാൽ പമ്പിംഗ് മെയിനിന്റെ നീളം 449.50M നിന്നും 1100M കൂട്ടുന്നതിന് തീരുമാനിച്ചതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നു. കുടിവെള്ളപ്രോജക്ട് പൂർത്തീകരണത്തിനാവശ്യമായ പമ്പ് ഹൗസ്, പമ്പ്, വാട്ടർ ടാങ്ക് എന്നിവ ഒഴിവാക്കിയിട്ടുണ്ട്. 2021-22-ൽ പദ്ധതി പൂർത്തീകരണവുമായി ബന്ധപ്പെട്ട് പ്രോജക്ട് രൂപീകരിച്ചിട്ടുമില്ല. മൂന്ന് വർഷമായി തുടരുന്ന പ്രോജക്ട് പൂർത്തീകരിയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. നാളിതുവരെ പ്രോജക്ട് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാത്തതിനാൽ ടീയിനത്തിൽ ചെലവഴിച്ച 385019 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-28 പുഴ, പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് (1994) സെക്ഷൻ 218 ൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് കാര്യങ്ങൾക്കൊപ്പംഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ എല്ലാ ജലമാർഗ്ഗങ്ങളും (പഞ്ചായത്ത് പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികളൊഴികെയുള്ളത്) നദികളുടെ തീരങ്ങളും തടങ്ങളും ചെറുപുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും കായലുകളും ജലമാർഗ്ഗങ്ങളും കെട്ടിനില്ക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും നീരുറവകളും ജലസംഭരണികളും കുളങ്ങളും നീർത്തടങ്ങളും ജലധാരകളും കിണറുകളും കാപ്പുകളും ചാലുകളും, സ്റ്റാൻഡ് പൈപ്പുകളും മറ്റ് ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മേൽ സെക്ഷന്റെ ഉപ സെക്ഷൻ 2 പ്രകാരം ഇപ്രകാരം നിക്ഷിപ്തമായ മേല്പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ട സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാധ്യതകളും ഒന്നാം ഉപവകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്നതും അപ്രകാരം നിക്ഷിപ്തമാകുന്ന തീയതിമുതൽക്ക് അവ ഗ്രാമപഞ്ചായത്തിന്റെ അവകാശങ്ങളും ബാധ്യതകളുമായി തീരുന്നതുമാണ്. മേൽ പരാമർശിച്ച നിയമവ്യവസ്ഥകളും തുടർന്നുള്ള നിയമഭേദഗതികൾ മൂലവും സർക്കാർ ഉത്തരവുകൾ പ്രകാരവും നദീതീരവും പുറമ്പോക്കും സംരക്ഷിക്കുന്നതിന് നിയമപ്രകാരം റവന്യൂ വകുപ്പിലും പഞ്ചായത്തിലും നിക്ഷിപ്തമായ ചുമതല നിർവഹിക്കുന്നതിന്റെ ഭാഗമായി പുറമ്പോക്ക് സംബന്ധമായ വിവരങ്ങൾ റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച്, സംരക്ഷിക്കാൻ നടപടികൾ

സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിൽ പുഴ പുറമ്പോക്ക് കൈയ്യേറ്റവുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുള്ളതിനാൽ ടി വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - വിലയിനത്തിൽ അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

| പ്രോജക്ട് നം | 54/21 | 56/21 |
|---|---|---|
| പ്രോജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം | എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി | അസി.സെക്രട്ടറി |
| അടങ്കൽ | 347800 (വികസന ഫണ്ട്-എസ്.സി.പി) | 50000 (വികസന ഫണ്ട്-ടി.എസ്.പി) |
| ചെലവ് | 299519(ബിൽനം. 10/19.3.21) | 27229 (ബിൽനം. 11/29.3.21) |

വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം എന്ന മേൽ 2 പ്രോജക്ടുകൾ പ്രകാരം 11 ലാപ്ടോപ്പുകൾ എസ്.സി. വിദ്യാർത്ഥികൾക്കായും 1ലാപ് ടോപ്പ് എസ്.ടി വിദ്യാർത്ഥിക്കായും കെൽട്രോണിൽ നിന്ന് വാങ്ങുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലാപ്ടോപ്പുകളുടെ ടാക്സ് ഇൻവോയ്സ് പ്രകാരം വിലയിനത്തിൽ തുക അധികം നല്കിയതായി കാണുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു, .

| പ്രോ.നം | വിലയിനത്തിൽ നല്കിയ തുക | ടാക്സ് ഇൻവോയ്സ് പ്രകാരം വില | അധികം നല്കിയത് |
|---|---|---|---|
| 54/21 | 11*27229- 299519 | 288000.24 | 11519 |
| 56/21 | 1*27229 -27229 | 26181.84 | 1048 |

ഇപ്രകാരം വിലയിനത്തിൽ അധികം നല്കിയ 12567 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികം നല്കിയ തുക കെൽട്രോണിൽ നിന്ന് തുക തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 നിശ്ചിത സമയത്തിനുള്ളിൽ കരാറിൽ എർപ്പെടാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല - ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് പിഴ ഈടാക്കി

2012-ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6)പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി14 ദിവസത്തിനകം പിഴ ഇല്ലാതെയും തുടർന്ന് 10 ദിവസം അംഗീകരിച്ച പി എസി യുടെ 1% പിഴ ഈടാക്കിയും കരാർ ചമക്കുന്നതിന് അനുവദിക്കാവുന്നതാണ് .എന്നാൽ ചുവടെ ചേർക്കുന്ന പ്രവ്യത്തികളിൽ നിയമാനുസൃത സമയപരിധി കഴിഞ്ഞിട്ടും പിഴ ഈടാക്കാതെ കരാറിൽ ഏർപ്പെട്ടതായി കാണുന്നു

| ക്രമ നം | പ്രോജക്ട്, പ്രോജക്ട് നമ്പർ കരാറുകാരൻ കരാർനമ്പർ/തീയതി കരാർ തുക | സെലക്ഷൻ നോട്ടീസ് അയച്ച/ കൈപ്പറ്റിയ തീയതി | സെലക്ഷൻ നോട്ടീസ് കൈപ്പറ്റി പിഴയില്ലാതെ കരാർ വയ്ക്കാവുന്ന അവസാന തീയതി | പിഴയോടു കൂടി കരാർ വയ്ക്കാവുന്ന അവസാന തീയതി | പിഴ 1% നിരക്കിൽ | ബിൽ തുക ,ബിൽ നം./ തീയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 240/21<br>സുരേഷ് കുമാർ.ടി.എസ്<br>63 /AE/LSGD/2019-20/9.1.20<br>133920.31 | 16.12.19 | 30.12.19 | 9.1.2020 | 1339 | 137103<br>40/19.8.20 |
| 2 | 246/21<br>മേക്കാമ്പുറം ചക്കാലക്കുന്ന്കുടിവെള്ള പദ്ധതി കിണർ നിർമ്മാണം<br>സുരേഷ് കുമാർ.ടി.എസ്<br>63 /AE/LSGD/2019-20/9.1.20<br>178519.24 | 16.12.19 | 30.12.19 | 9.1.2020 | 1785 | 89874<br>62/28.10.20 |
| 3 | 237/21<br>പൊലിക്കാട്ടു പടി പള്ളത്തുപാറ റോഡ് കോൺക്രീറ്റിംഗ്<br>സുരേഷ് കുമാർ.ടി.എസ്<br>63 /AE/LSGD/2019-20/9.1.20<br>178385.48 | 16.12.19 | 30.12.19 | 9.1.20 | 1783 | 178623<br>39/19.8.20 |
| 4 | 251/21<br>116ാം നമ്പർ അങ്കണവാടി റോഡ് കോൺക്രീറ്റിംഗ്<br>ഷാജി വർഗ്ഗീസ്<br>83 /AE/LSGD/2019-20/27.2.20<br>323105.18 | 13.2.2020 | 26.2.2020 | 7.2.2020 | 3231 | 326231<br>42/19.8.20 |
| 5 | 243/21<br>86 നം വെള്ളച്ചിറ വയൽ അംഗൻവാടി നവീകരണം<br>അനിൽകുമാർ.വി.ജി<br>72 /AE/LSGD/2019-20/18.1.20<br>44629.21 | 26.12.19 | 10.1.20 | 20.1.20 | 446 | 38942<br>46/19.8.20 |
| 6 | 238/21<br>പടിഞ്ഞാറേൽപ്പടി കന്നേൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 26.12.19 | 10.1.20 | 20.1.20 | 5055 | 564486<br>32/17.8.20 |

| | | | | | | |
|---|---|---|---|---|---|---|
| | അനിൽകുമാർ.വി.ജി<br>74 /AE/LSGD/2019-20/18.1.20<br>505504 | | | | | |

കരാർ വക്കുന്നതിന് കാലതാമസം നേരിട്ടതിന് ഈടാക്കേണ്ട പിഴ കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം നല്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.18) നല്കിയപ്പോൾ പിഴയിനത്തിലെ 13639രൂപ കരാറുകാരിൽ നിന്നും ഈടാക്കി (രസീത് നം.121030100495,121030100496 ,121030100497 ,121030100501 ,121030100502 /30.7.21) പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

## 1-31 ആർജ്ജിതാവധി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ആധികാരികമാക്കാതെ ലീവ്സറണ്ടർ അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ കരാർ വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ചെയ്തു ഇനത്തിൽ ചുവടെ ചേർക്കുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയ ആൾ |
|---|---|---|
| 22001087/30.3.21 | 15498 | അരുൺ മോഹൻ , ടെക്നിക്കൽ അസിസ്റ്റന്റ് |
| 22001088/30.3.21 | 15730 | പ്രതിഭ.വി.നായർ,എ.ഇ ,എം.ജി.എൻ.ആർ.ഇ.ജി.എസ് |
| 22001089/30.3.21 | 12020 | ആശ.വി, ഡേറ്റ എൻട്രി ഓപ്പറേറ്റർ ,എം.ജി.എൻ.ആർ.ഇ.ജി.എസ് |

പ്രസ്തുത ജീവനക്കാരുടെ സേവന പുസ്തകം സൂക്ഷിക്കുന്നുണ്ടെങ്കിലും സേവനവിവരങ്ങളും അവധിവിവരങ്ങളും ആർജ്ജിതാവധി സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.സേവനപുസ്തകത്തിൽ രേഖപ്പടുത്താതെയും അവധികണക്കുകൾ തയ്യാറാക്കി ആധികാരികമാക്കാതെയും ആർജിജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകിയ നടപടി ഗുരുതര വീഴ്ചയായി കാണുന്നു. ജീവനക്കാരുടെ സേവനവിവരങ്ങളും അവധിവിവരങ്ങളും ആർജ്ജിതാവധികൾ സറണ്ടർ ചെയ്തതിന്റെ വിശദാംശങ്ങളും സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-32 കരാറുകാരന് അധികം നല്കിയ തുക തിരികെ ഈടാക്കിയത് സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട്നമ്പർ/ പ്രോജക്ട് | 182/21<br>മോലോട്ട് കൊച്ചി മേക്കാമ്പുറം റോഡ് കോൺക്രീറ്റിംഗ് |
| കരാറുകാരൻ | സുരേഷ് കുമാർ.ടി.എസ് |
| കരാർ നമ്പർ/തീയതി | 66/AE/LSGD/VEGP/19-20/ Dt.09.01.2020 |
| അടങ്കൽ<br>കരാർ തുക | 500000(മെയിന്റനൻസ് ഫണ്ട്-റോഡ്))<br>393034.73 |
| നികുതി അടക്കം ആകെ ചെലവ് | 447200 |
| കരാറുകാരന് നല്കിയ തുക | 424840/- |
| ബിൽ നം./തീയതി | ബിൽനം. 44/19.8.20 |

ഐറ്റം റേറ്റ് BOQ പ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സുരേഷ് കുമാർ.ടി.എസ് എന്നയാളുടെ ടെണ്ടർ അംഗീകരിക്കുകയും ടിയാൾ പ്രവൃത്തി ഏറ്റെടുത്ത് നടത്തുകയും ചെയ്തിട്ടുണ്ട്. .എന്നാൽ ബിൽ തയ്യാറാക്കിയ വേളയിൽ ടിയാൾ ക്വോട്ട് ചെയ്ത നിരക്കിൽ പരിമിതപ്പെടുത്തി ബിൽ തയ്യാറാക്കേണ്ടതിനു പകരം ആകെ വേലമൂല്യത്തിൽ ബിൽ കണക്കാക്കിയതു വഴി കരാറുകാരന് അധികം തുക നല്കാനിടയായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | കണക്കാക്കിയ തുക | കണക്കാക്കേണ്ട തുക |
|---|---|---|
| ആകെ വേല മൂല്യം | 405257 | 393035 (കരാർ തുക) |
| GST (12%) | 48630.84 | 47164.2 |
| ആകെ | 453888 | 440199 |
| | 447200 (Limited) | |
| Deductions - IT | 4472 | 4402 |
| KCWWF | 4472 | 4402 |
| SGST | 4472 | 4402 |
| CGST | 4472 | 4402 |
| Fine For Late Agreement | 4472 | 4402 |
| Net To Contractor | 424840 | 418189 |
| അധികം നല്കിയ തുക | | 6651 |

കരാറുകാരന് അധികം തുക നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയപ്പോൾ (നം.22) കുറവ് വന്ന 6651 രൂപ രസീത് നം.121030100498 /30.7.21 പ്രകാരം പഞ്ചായത്തിൽ അടവാക്കി. ടി തുക സർക്കാരിലേക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 748500 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 748500 | - |
| | ” | 660000 | ലൈഫ് ഭവനനിർമ്മാണം -പട്ടികജാതി വിഭാഗം | 660000 | |
| | ” | 400000 | ലൈഫ് ഭവനനിർമ്മാണം -പട്ടികജാതി വിഭാഗം-രണ്ടാം ഘട്ടം | 400000 | |
| | ” | 300000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 300000 | |
| | | 300000 | കുടത്തുങ്ങ അമ്പലം ഗവ എൽ പി എസ് റോഡ് കോൺക്രീറ്റിംഗ് | 300000 | |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കു സ്കോളർഷിപ്പ് ബത്ത | 100000 | |
| | | 80000 | ലൈഫ് ഭവനനിർമ്മാണം -ജനറൽരണ്ടാം ഘട്ടം | 80000 | |
| ജില്ലാ പഞ്ചായത്ത് | | 100000 | ലൈഫ് ഭവനനിർമ്മാണം -പട്ടികജാതി വിഭാഗം | 200000 | |
| | | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കു സ്കോളർഷിപ്പ് ബത്ത | 184359 | |
| | | 200000 | ലൈഫ് ഭവനനിർമ്മാണം -ജനറൽരണ്ടാം ഘട്ടം | 200000 | |
| | | 200000 | ലൈഫ് ഭവനനിർമ്മാണം -പട്ടികജാതി വിഭാഗം-രണ്ടാം ഘട്ടം | 100000 | |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഒന്നാം വാർഡ് കാടംകുളം വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിന് സ്ഥാപിക്കൽ 27/2021 | 22000874 | 200000 | 200000 | 0 |
| കെ.എസ്.ഇ.ബി | രണ്ടാം വാർഡ് പൊട്ടക്കുളം-വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ 29/2021 | 22001151 | 199920 | 199920 | 0 |
| കെ.എസ്.ഇ.ബി | നാലാം വാർഡ് പാറയ്ക്കാട് വിവിധ | 22001152 | 149940 | 149940 | 0 |

| | | | | | |
|---|---|---|---|---|---|
| | സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ 32/2021 | | | | |
| കെ.എസ്.ഇ.ബി | അഞ്ചാം വാർഡില് വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ 33/2021 | 22001153 | 199981 | 199981 | 0 |
| കെ.എസ്.ഇ.ബി | മണിമല ബസ്റ്റാന്റ് പഴയപാലം റോഡ് സ്ട്രീറ്റ് ലൈന് സ്ഥാപിക്കൽ 36/21 | 22001154 | 74912 | 74912 | |
| കെ.എസ്.ഇ.ബി | വാർഡ് 7 കുന്നംഭാഗം പാറക്കടവ് തെക്കേമുറിപ്പടി റോഡിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ 47/21 | 22001155 | 99936 | 99936 | 0 |
| കെ.എസ്.ഇ.ബി | പത്താം വാർഡ് ഏറത്തുവടകര വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിന് സ്ഥാപിക്കൽ 44/2021 | 22001156 | 299987 | 299987 | 0 |
| കെ.എസ്.ഇ.ബി | തിരുവില്ലാലുങ്കൽപടി എസ് എൻ യു പി എസ് റോഡില് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ 46/21 | 22001157 | 125902 | 125902 | 0 |
| കെ.എസ്.ഇ.ബി | വെള്ളാവൂർ ഗ്രാമ പഞ്ചായത്ത് പന്ത്രണ്ടാം വാർഡ് വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻസ്ഥാപിക്കൽ 47/2021 | 22000875 | 200000 | 200000 | 0 |
| കെ.എസ്.ഇ.ബി | മേലോട്ടുകൊച്ചി കോയിപ്പുറം റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ 48/2021 | 22000876 | 50000 | 50000 | 0 |
| കെ.എസ്.ഇ.ബി | കുളത്തുർമൂഴി | 22000877 | 50000 | 50000 | 0 |

| | | | | | |
|---|---|---|---|---|---|
| | വേണാട്ടുപടി റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ 49/2021 | | | | |
| കേരള വാട്ടർ അതോറിറ്റി | കങ്ങഴ നെടുംകുന്നം കുടിവെള്ള പദ്ധതി അട്ടിപടി പള്ളിത്തടം ഭാഗം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 26/21 | 22000516 | 250000 | 250000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻ വർഷം മൊബിലൈസേഷൻ ഇനത്തിൽ തുകയൊന്നും നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി ഒ (എം.എസ്) 4461/2020,3.8.2020, ജി ഒ(എം.എസ്) 43/2020 /Fin/1.1.2021 | | 3280883 | 585647 | -- | 2695236 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വാർഷികകണക്ക് പ്രകാരം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-00 45,46,47 | 2002-03 | കമ്പ്യൂട്ടർ സെന്റർ പദ്ധതി | നടപടികൾ ഒന്നുംതന്നെ ആയിട്ടില്ല |

## 4-8 ചാർജ്-സർചാർജ് നടപടികൾ വഴി ഈടാക്കിയ തുകയുടെ വിവരം

ചാർജ്-സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 65359268(മുന്നിരിപ്പില്ലാതെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 60510564 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4110627 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 3525608 | ശ്രീ.സിബി ജോസ്.കെ, സെക്രട്ടറി |
| 1-21 | 200000 | ഡോ.സുജ എം.ചാക്കോ, വെറ്ററിനറി സർജൻ |
| 1-27 | 385019 | ശ്രീമതി.രഞ്ജു എസ് ഫ്രാൻസിസ്, അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സിബി ജോസ്.കെ, | സെക്രട്ടറി | കപ്പലുമാക്കൽ വീട് കപ്പാട് പി.ഒ കാഞ്ഞിരപ്പള്ളി |
| ഡോ.സുജ എം.ചാക്കോ | വെറ്ററിനറി സർജൻ | തെക്കേ മുറിയിൽ, വാഴൂർ പി.ഒ കോട്ടയം |
| ശ്രീമതി.രഞ്ജു എസ് | അസി.എഞ്ചിനീയർ | ലൂല്ലു ഡെയ്ൽ മണിയത്ത്മുക്ക് കാവനാട് |

| | | |
|---|---|---|
| ഫ്രാൻസിസ് | | പി.ഒ കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.പി4-352/2001/17.2.14/3.3.04 | |
| 1998-99 | എൽ.എഫ്.കെ.പി4-934/02/31.12.04/5.1.05 | |
| 1999-2000 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208 (1)/2018/2.2.18 | 16 |
| 1999-00, 01-02 പ്ലാൻ കണക്കുകൾ | എൽ.എഫ്.കെ.പി.4-817/03/6.4.04/14.5.04 | |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(2)/2018 /2.2.18 | 4 |
| 2001-02 | എകെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(3) /2018 /2.2.18 | 9 |
| 2002-03 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(4)/2018 /2.2.18 | 5 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി5-794/08/23.2.11/അദാ. | |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(5)/2018 /2.2.18 | 2 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(6)/2018 /2.2.18 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(8)/2018 /2.2.18 | 8 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(9)/2018 /2.2.18 | 7 |
| 2009-10, 2010-11 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(10)/2018 /2.2.18 | 17 |
| 2011-12, 12-13 | കെ.എസ്.എ-കെ.ടി.എം.പി5/1560/11/2015/ 31.3.16 | |
| 2013-14 | എൽ.എഫ്.കെ.പി5-612/2015/3.2.16 | 16 |
| 2014-15 | കെ.എസ്.എ-കെ.ടി.എം. പി5/790/17/21.12.17 | 12 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/789/17/01.01.18 | 19 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/551/18/07.04.18 | 14 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/78/19/19.02.2019 | 14 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ-<br>കെ.ടി.എം.പി5/1688/19/27.12.2019 | 15 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം-2</u>
## <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്